IV സബ്മിഷൻ

(1) ഭാരതീയ റിസർവ്വ് ബാങ്കിന്റെ പത്രപ്പരസ്യത്തെത്തുടർന്ന് ബാങ്കിംഗ് ഇടപാടുകാർക്കിടയിലുണ്ടായ ആശങ്ക

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, Reserve Bank of India-യുടെ ഒരു പത്രപ്പരസ്യം വന്നതിനെത്തുടർന്ന് സഹകരണ മേഖലയിലുണ്ടായ പ്രശ്നമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. മൂലധനവും കരുതൽധനവും ഉൾപ്പെടെ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഏത് സഹകരണ സംഘത്തിനും ബാങ്കിംഗ് ഇടപാട് നടത്താൻ Reserve Bank of India-യുടെ മുൻകൂർ ലൈസൻസ് വാങ്ങിയിരിക്കണം, അങ്ങനെ വാങ്ങാത്ത സഹകരണ ബാങ്കുകൾ ബാങ്കിംഗ് ഇടപാട് നടത്താൻ പാടില്ല എന്ന് പറഞ്ഞുകൊണ്ടാണ് പരസ്യം വന്നിരിക്കുന്നത്. 2 ബാങ്കുകളുടെ കാര്യമാണ് പ്രത്യേകം എടുത്ത് പറഞ്ഞത്. തലശ്ശേരി Co-operative Town ബാങ്കും, തൃക്കരിപ്പൂർ സഹകരണ അർബൻ ബാങ്കും. 1200-ഓളം ബാങ്കുകളുടെ പ്രവർത്തനം ഭാവിയിൽ ഇതിന്റെ ഫലമായി തടയപ്പെടും. ഇത് ഇടപാടുകാരിൽ ആശങ്ക ഉളവാക്കിയിട്ടുണ്ട്. അതുകൊണ്ട് ആ ആശങ്ക ദൂരീകരിക്കുന്നതിനു വേണ്ടിയുള്ള ഒരു നിലപാട് സഹകരണ പ്രസ്ഥാനത്തിനു വേണ്ടി ഗവൺമെന്റ് കൈക്കൊള്ളുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, റിസർവ് ബാങ്കിന്റെ 1966-ലെ ഭേദഗതി അനുസരിച്ച് അപ്രൂവൽ ഇല്ലാത്ത സഹകരണ ബാങ്കുകൾ കൂടി ബാങ്കിംഗ് നിയന്ത്രണ ആക്ടിന്റെ പരിധിയിൽ വന്നിരിക്കുകയാണ്. അതുകൊണ്ട് അവരും നമ്മളുമായി തർക്കമുണ്ട്. കേരളത്തിൽ 1600-ൽപ്പരം പ്രൈമറി ബാങ്കുകളുണ്ട് എങ്കിലും കാർഷികാവശ്യങ്ങൾക്ക് വേണ്ടിയുള്ളവയെ PACS (Primary Agricultural Co-operative Societies) എന്നാണ് നമ്മൾ റിപ്പോർട്ട് ചെയ്തത്. അതങ്ങനെ തന്നുത്തുകൊണ്ടിരുന്നപ്പോഴാണ് കഴിഞ്ഞ ഗവൺമെന്റ് വന്ന് Unlicensed Urban Bank ഉണ്ടാക്കുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തത്. അതനുസരിച്ച് ചില ബാങ്കുകൾ ഞങ്ങൾ ഉണ്ടാക്കിയപ്പോൾ അങ്ങേ ഭാഗത്തുനിന്ന് തന്നെയാണ് പ്രക്ഷോഭം കൂട്ടിയത്. അതെല്ലാം റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടായിരിക്കും അവർ പരിശോധന നടത്തിയത്. അത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് പോയി. ഹൈക്കോടതിയിൽ ഞങ്ങൾ ഒരു നിർദ്ദേശം വച്ചു. ഹൈക്കോടതി പറഞ്ഞു, ഗവൺമെന്റിന്റെ ആളുകളും റിസർവ് ബാങ്കിന്റെ ആളുകളും കൂടി ചർച്ച ചെയ്യണം. ആ ചർച്ചയിൽ ഞങ്ങളൊരു നിർദ്ദേശം വച്ചു. ബാങ്ക് എന്നത് മാറ്റണം. എന്നിട്ട് സൊസൈറ്റി എന്ന് പേര് കൊടുക്കണം. അങ്ങനെ ഹൈക്കോടതി ആ പ്രശ്നം തീർത്തു. ആ പെറ്റിഷനിൽ വരെ സ്റ്റേ അങ്ങനെ കിടക്കുകയാണ്. Primary Agricultural Co-operative Societies എന്ന് പറയുന്നതിനോട് എതിര് അവർക്കുമില്ല. ഇപ്പോൾ ടൗൺ ബാങ്കിംഗ് എന്ന് പറഞ്ഞത് അഗ്രിക്കൾച്ചറല്ല. അതുപോലെയുള്ള സ്ഥാപനത്തിനെയാണ്. നായാട്ടുനായകൾ തമ്മിലടിച്ച് പന്നി കുന്ന് കയറി എന്ന് പറഞ്ഞതുപോലെയാണ് ഇപ്പോൾ നമ്മൾ എത്തിയിരിക്കുന്നത്. ബാങ്കിനെതിരായിട്ട് നമ്മൾ കുറെ കംപ്ലയിന്റ്സ് കൊടുത്തിട്ടുണ്ട്. ഇതിനെതിരെ കൊടുത്തിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അറിയില്ല. തലശ്ശേരി Co-operative Town Bank എന്ന് പറയുന്നത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. പത്ത് നാൽപത് കോടി രൂപയുടെ ഡെപ്പോസിറ്റുണ്ട്. എങ്കിലും 28 ലക്ഷം രൂപയുടെ നഷ്ടം 2001-ൽ ഉണ്ടായി. ലൈസൻസില്ലാത്ത ബാങ്കുകളുണ്ട്. 40-ൽപ്പരം അർബൻ ബാങ്കുകൾക്ക് ലൈസൻസില്ല. കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ ലൈസൻസില്ലാത്തവയുണ്ട്. അവരെല്ലാം ലൈസൻസിന് അപ്ലൈ ചെയ്തിട്ട് നിൽക്കുന്നു എന്നാണ് ഇപ്പോൾ പറയുന്നത്. അതുപോലെയുള്ള കാര്യങ്ങളിൽ ലൈസൻസിന് അപേക്ഷിക്കുകയാണ് ഒരു മാർഗ്ഗം. അവർക്ക് ധാരാളം പണമുണ്ട്. 40 കോടി രൂപയുടെ ഡെപ്പോസിറ്റ്. 30 കോടി രൂപ കടം കൊടുത്തിട്ടുണ്ട്. അതുപോലെ 48 ലക്ഷം രൂപക്ക് അടച്ചുതീർത്ത ഓഹരിയുണ്ട്. അതുകൊണ്ട് അർബൻ ബാങ്ക് എന്നുള്ള നിലയിൽ ലൈസൻസിനപേക്ഷിക്കുകയാണ് താൽക്കാലികമായിട്ടുള്ള പരിഹാരം.

(2) അഗ്രഹാരങ്ങൾ പുതുക്കിപ്പണിയുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ എക്സംപ്ഷൻ നൽകാൻ നടപടി

ശ്രീ. ബി. വിജയകുമാർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ സഭയിൽ പ്രതിനിധ്യം ഇല്ലാത്ത ഒരു വിഭാഗത്തിന്റേതാണ്. കേരളത്തിലെ ബ്രാഹ്മണ സമുദായത്തിലെ ഏതാണ്ട് 70 ശതമാനത്തോളം ആളുകളും വളരെ പരിതാപകരമായ അവസ്ഥയിൽ അഗ്രഹാരങ്ങളിലാണ് താമസിക്കുന്നത്. ഈ അഗ്രഹാരങ്ങൾ വളരെ പഴക്കം ചെന്നവയും, കാറ്റും വെളിച്ചവും കടക്കാത്തവയുമാണ്. ശുദ്ധവായു ആവശ്യത്തിന് ലഭിക്കാത്ത ഈ അഗ്രഹാരങ്ങളിലെ വീടുകൾ 1 സെന്റ്, 2 സെന്റ്, 3 സെന്റ് സ്ഥലത്താണിരിക്കുന്നത്. പഴകി ജീർണ്ണിച്ച മേൽക്കൂര മാറ്റി കാറ്റും വെളിച്ചവും കടക്കുന്ന രീതിയിൽ വീടുകൾ പുതുക്കിപ്പണിയാൻ തുടങ്ങിയാൽ, ഫ്രണ്ടേജ് 3 മീറ്റർ, സൈഡ് ഒന്നര മീറ്റർ വീതി വിട്ടുവരുമ്പോൾ അഗ്രഹാരങ്ങൾ പുതുക്കിപ്പണിയാൻ കഴിയില്ല. ആധുനിക സൗകര്യമനുസരിച്ച് 1, 2, 3 സെന്റുകളിൽ തന്നെ താമസിക്കാൻ അനുവദിക്കുന്നതിന്, അവരുടെ പരിതാപകരമായ അവസ്ഥയും, അഗ്രഹാരങ്ങളുടെ ചരിത്രപരവും സാംസ്ക്കാരികവുമായ പ്രാധാന്യവും കണക്കിലെടുത്ത് ബിൽഡിംഗ് റൂൾസിൽ ഇളവനുവദിച്ച് അവ പുതുക്കിപ്പണിയുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഇളവുകൾ നൽകാൻ വ്യവസ്ഥയില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 72-ാം ചട്ടപ്രകാരം നിലവിലുള്ള അഗ്രഹാരങ്ങൾ പുതുക്കിപ്പണിയുന്നതിന് പ്ലോട്ട്, ഏരിയ, സെറ്റ് ബാക്ക് എന്നിവ പരിഗണിക്കാതെ അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ കെട്ടിടത്തിന്റെ ഉപയോഗമോ, ഉയരമോ, ഏരിയയോ വർദ്ധിപ്പിക്കാൻ പാടില്ല എന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ട് അഗ്രഹാരങ്ങൾ പുതുക്കിപ്പണിയാൻ അപേക്ഷ നൽകുന്നവർക്ക് അനുമതി നൽകുവാൻ സാധിക്കും. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly